ഉത്തരം

ഈ സ്ഥലത്തു് 25 ഏക്കർ സ്ഥലം അകപ്രയർ ചെയ്യുന്നതിനു് അനുവാദം നൽകിയിട്ടുണ്ടു്. ടി സ്ഥലം പരിശോധിച്ചു് അതിർത്തികൾ രേഖപ്പെടുത്തുന്നതിനും ഉത്തരവു് പുറപ്പെടുവിച്ചിട്ടുണ്ടു്. ഈ സ്ഥലത്തു് പത്തു കുടിയുണ്ടു്. ഇതു് അകപ്രയർ ചെയ്യുന്നതിനു് എതിരായി ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾകൂടി കണക്കിലെടുത്തു് വേഗത്തിൽ ഒരു അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണു്.

II. STATEMENT BY MINISTER

Mr. Speaker: Can the hon. Revenue Minister give us any information about the health of the Chief Minister ?

റവന്യുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : സർ, നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 17-ാം തീയതി ഡൽഹിയിൽനിന്നും ജർമ്മനിയിലേക്കു് യാത്ര തിരിച്ചു. അദ്ദേഹം ഇപ്പോൾ ജർമ്മനിയിൽ എത്തിക്കഴിഞ്ഞു. അവിടത്തെ ആശുപത്രിയിൽ അദ്ദേഹത്തെ പ്രവേശിപ്പിച്ചുകഴിയുകയും ചെയ്തു. അദ്ദേഹത്തിന്റെ സുഖക്കേടിന്റെ വിവരങ്ങളെ സംബന്ധിച്ചു അവിടെയുള്ള ഡോക്ടറന്മാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണു്. അദ്ദേഹം ഇവിടെനിന്നും പോയപ്പോൾ ഉണ്ടായിരുന്നതിനേക്കാൾ ശരീരസ്ഥിതി അല്പം മെച്ചപ്പെട്ടിട്ടുണ്ടു്. ഇപ്പോൾ അദ്ദേഹത്തിന്റെ വയറ്റിൽ വേദനയില്ലെന്നും അദ്ദേഹം വളരെ ഉന്മേഷവാനായി ഇരിക്കുന്നു എന്നുമാണു് അറിയുന്നതു്. അദ്ദേഹത്തിന്റെ രോഗത്തെപ്പറ്റി പൂർണ്ണമായി പരിശോധിച്ചതിനു ശേഷം അതെന്താണെന്നുള്ള വിവരം അറിയിക്കാമെന്നും അറിയിച്ചിട്ടുണ്ടു്. ഇപ്പോൾ പ്രത്യേകമായി ഒന്നുംതന്നെ ഇല്ലെന്നാണു് അറിയിച്ചിരിക്കുന്നതു്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പോക്കിനെ സംബന്ധിച്ചും അതിലുണ്ടായിട്ടുള്ള അറേഞ്ജുമെന്റിനെ സംബന്ധിച്ചും ഔപചാരികമായും അനൗപചാരികമായും ചില ബഹുമാനപ്പെട്ട മെമ്പർമാർ എന്നോടു ചോദിക്കുകയുണ്ടായി. അതിനെപ്പറ്റി എനിക്കു് പറയുവാനുള്ളതു്, ചികിത്സക്കായി ഡൽഹിയിൽനിന്നു് ജർമ്മനിവരെ പോകുന്നതിനും തിരിച്ചു വരുന്നതിനും അദ്ദേഹത്തിനോടും അദ്ദേഹത്തിന്റെ കുടുംബത്തിനോടും മുഴുവൻ യാത്ര ചെലവും അവിടെ താമസിക്കുന്നതിനും മറ്റുമുള്ള ചെലവും ജർമ്മൻ ഡെമോക്രാറ്റിക് റിപ്പബ്ലിക്കു് വഹിക്കാമെന്നാണു് ആ ഗവണ്മെന്റു ശ്രീ. ഇ. എം. എസ്., നമ്പൂതിരിപ്പാടിനെ അറിയിച്ചിട്ടുള്ളതു്. പക്ഷെ അതേസമയം അദ്ദേഹത്തിന്റെ കൂടെ പോയ ഡോക്ടർ ഡുട്ടിയിലാണു്. അദ്ദേഹത്തിന്റെ ചെലവു മുഴുവൻ ഈ ഗവണ്മെന്റാണു് വഹിക്കേണ്ടതു്. അതിനാവശ്യമായ ഫോറിൻ എക്സ്ചേഞ്ചും മറ്റും ഈ ഗവണ്മെന്റു ചെയ്തുകൊടുത്തിട്ടുണ്ടു്. ഇത്രയും മാത്രമേ അതിനെപ്പറ്റി ഇപ്പോൾ ഈ സഭയെ അറിയിക്കുവാനുള്ളു.

III. ADJOURNMENT MOTION

(i) Clash between a landlord and Agricultural workers in Palghat.

ശ്രീ. സ്പീക്കർ : പാലക്കാട്ടു താലൂക്കിൽ കണ്ണാടി പഞ്ചായത്തിൽപ്പെട്ട കുഴൽതിരിത്തി എന്ന സ്ഥലത്തെ ജന്മിയും ഒരു സംഘം ജനസംഘം വാളന്റിയന്മാരും കൂടി കർഷകത്തൊഴിലാളികളെ ആക്രമിക്കുകയും വെടിവെയ്ക്കുകയും ചെയ്തതിനെത്തുടർന്നു സംജാതമായിട്ടുള്ള ഗുരുതരാവസ്ഥ ചർച്ചചെയ്യുവാൻ ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്) ഒരു അടിയന്തിരപ്രമേയത്തിനു് നോട്ടീസു് തന്നിട്ടുണ്ടു്. അതിനെക്കുറിച്ചു് ബഹുമാനപ്പെട്ട മന്ത്രിയുടെ സംസാരിക്കാം.

9 A. M.

LIBRARY ARCHIVES Kerala Legislative Assembly